കക്കയം പാലം

376 [707] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലവൈദ്യുത പദ്ധതിയിലേക്കുള്ള റോഡിൽ കക്കയത്തുള്ള പാലം അപകടാവസ്ഥയിലാണെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പാലം നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പശുപ്പാറ-വാഗമണ്ണ് റോഡിൽ പണിയുന്ന പാലം

377 [708] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ പശുപ്പാറ വാഗമണ്ണ് റോഡിൽ പണിയുന്ന പാലം അടിയന്തിരമായി പണിയുന്നതിന് കരാറുകാരന് നിർദ്ദേശം നൽകുമോ?

ഉത്തരം

ഈ പാലത്തിന്റെ അബട്ട്മെൻറിനുള്ള അടിസ്ഥാനം പൂർത്തിയായിക്കഴിഞ്ഞു. ശേഷിച്ച പണി പുരോഗമിച്ചു വരുന്നു. പണി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉദുമ-മേൽപ്പറമ്പ് റോഡിലെ കളനാട് പാലം

378 [709] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് താലൂക്കിൽ ഉദുമ-മേൽപ്പറമ്പ് റോഡിൽ കേടുവന്ന കളനാട് പാലം പുതുക്കി പണിയുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(ബി) പാലം അപകട നിലയിലാണെന്നുള്ള കാര്യം പരിഗണിച്ച് അതു പുതുക്കി പണിയുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാലം പുതുക്കി പണിയുന്നതിനു 9.95 ലക്ഷം രൂപയുടെ എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു ഈ പാലം ഉടനെ പുതുക്കി പണിയാൻ കഴിയുമോ എന്ന് കാര്യം ഗവൺമെൻറ് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly